DHS/4593/2024-FWA5

/190522/2024

## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം , തിരുവനന്തപുരം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം-പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാർക്ക് 1/ 3 ഹയർ ഗ്രേഡ് അനുവദിച്ചതിൽ ഭേദഗതി വരുത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു .

പരാമർശം:- 1.ഉത്തരവ് നമ്പർ.എഫ്.ഡബ്ലിയു.എ5/80636/2021 ആ.വ.ഡ തീയതി 18/06/2022.

2.ശ്രീമതി.സരസ്വതി.ജി യും മറ്റുള്ളവരും ചേർന്ന് ബഹു .അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1674/2023 നമ്പർ കേസ്.

3.ബഹു. അഡിഷണൽ ഡയറക്ടർ (കുടുംബക്ഷേമം) 06/04/2024നു നൽകിയ നിർദ്ദേശം .

**ഉത്തരവ് നം :DHS/4593/2024-FWA5 തിയതി : 09-04-2024**

ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ജീവനക്കാർക്ക് പരാമർശം 1 പ്രകാരം 1/ 3 ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവായിരുന്നു . എന്നാൽ പരാമർശം 2 പ്രകാരം ശ്രീമതി.സരസ്വതി.ജി യും മറ്റുള്ളവരും ചേർന്ന് ബഹു . അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ സമർപ്പിച്ച കേസിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് പുനഃ പരിശോധിക്കുകയുണ്ടായി .

ആയതിൻ പ്രകാരം പരാമർശം 1 പ്രകാരമുള്ള ഉത്തരവിൽ റാങ്ക് നമ്പർ 123 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.ലതികാമണി.ആർ, റാങ്ക് നമ്പർ 124 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.ആശാലത.ആർ എന്നിവർക്ക് റേഷിയോ പ്രൊമോഷൻ അനുവദിച്ചിരിക്കുന്നത് തെറ്റായ രീതിയിലാണെന്ന് കണ്ടെത്തിയിരിക്കുന്നു .ടി സാഹചര്യത്തിൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് പരാമർശം 3 പ്രകാരം നിർദ്ദേശം ലഭിച്ചിരിക്കുന്നു .

ആയതിന്റെ അടിസ്ഥാനത്തിൽ റാങ്ക് നമ്പർ 124 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.ആശാലത.ആർ ന് 27/01/2021 പ്രാബല്യത്തിൽ അനുവദിച്ച 1/3 ഹയർ ഗ്രേഡിന് പകരം 01/04/2021 മുതൽ 1/3 ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു . കൂടാതെ റാങ്ക് നമ്പർ 123 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.ലതികാമണി.ആർ 1/3 ഹയർ ഗ്രേഡ് അനുവദിക്കേണ്ട തീയതിക്ക് മുൻപേ സർവീസിൽ നിന്നും വിരമിച്ചതിനാൽ ടിയാരിക്ക് പരാമർശം 1 പ്രകാരം അനുവദിച്ച 1/3 ഹയർ ഗ്രേഡ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം 1 പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു .

Signed by
Dr Reena K J
Date: 09-04-2024 11:01:32

Dr REENA K J
DIRECTOR OF HEALTH SERVICES

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :
1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ക്കും
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4.ഫയൽ /കരുതൽ ഫയൽ .